കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എടി.എസ്.ആർ-പി6-329/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :dotsr.ksad@kerala.gov.in

തീയതി: 13.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എടി.എസ്.ആർ.പി6-329/2020 തിയ്യതി : 13.05.2020

<u>തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2018 മുതൽ 31-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീമതി മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">24.02.2020 മുതൽ 03.03.2020 വരെ</td></tr>
<tr><td rowspan="4">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീ.ഷോബി.വി.പി.</td><td>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)</td></tr>
<tr><td>ശ്രീ.സുനിൽ കുമാർ.കെ.സി.</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീ.രേഖ.സി.</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീ.ജീജോ ജോബ്</td><td>ഓഡിറ്റർ</td></tr>
</table>

<u>നിർവ്വഹണ അധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി.കെ. സദാനന്ദൻ മാസ്റ്റർ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. സാബു.പി. വി. | 01-04-2018 മുതൽ 21-06-2018 (F.N)വരെ |
| | ശ്രീമതി.പി.ശ്രീകുമാരി | 21-06-2018 AN മുതൽ 14-03-2019 വരെ |
| | ശ്രീ.ബൈജു.എ.ജെ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 15-03-2019 മുതൽ 31-03-2019 വരെ |
| | <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീ. പ്രസൂൺ. പി. പി. | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. വിനേഷ് കുമാർ. കെ. വി | 01-04-2018 മുതൽ 28-02-2019 (F.N) വരെ |
| | ശ്രീ. വിജീഷ്.പി.വി. | 28-02-2019 (A.N) മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (കാട്ടകാമ്പാൽ സർക്കിൾ) | ശ്രീ. രഘുനാഥൻ.എ.വി. | 01-04-2018 മുതൽ 21-03-2019 വരെ |
| | ശ്രീ. ഷിജു | 22-03-2019 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (പഴഞ്ഞി സർക്കിൾ) | ശ്രീ. ഹരി. കെ. എ | 01-04-2018 മുതൽ 10-08-2018 വരെ |
| | ശ്രീ. രഘുനാഥൻ.എ.വി. | 11-08-2018 മുതൽ 15-01-2019 വരെ |
| | ശ്രീ. ഷിജു | 16-01-2019 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജ്യോതി ശ്രീധരൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. ജിഷ. കെ.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ജെറ്റ്സി മാത്യു.പി. | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആൻസി ജോസ് | 01-04-2017 മുതൽ 09-07-2018 വരെ |
| | ശ്രീമതി. രശ്മി.പി.ആർ | 10-07-2018 മുതൽ 31-03-2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. എ.ജെ. ബൈജു | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ. ഇ.എം. മുഹമ്മദ് അമീൻ | 01-04-2018 മുതൽ 31-12-2018 വരെ |
| | | |

| | | |
|---|---|---|
| | ഒഴിവ് | 01-01-2019 മുതൽ 31-01-2019 വരെ |
| | ശ്രീമതി. ഷീല.സി.സി. | 01-02-2019 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. | 1-13 |
| 14 | റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി | 1-14 |
| 15 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് നിയമാനുസൃത റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയില്ല | 1-15 |
| 16 | പ്രൊജക്റ്റില്ലാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-16 |
| 17 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ മറ്റു അപാകതകൾ | 1-17 |
| 18 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി പദ്ധതി- അധികം തുക അനുവദിച്ചു | 1-18 |
| 19 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-19 |
| 20 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ | 1-20 |

| | | |
|---|---|---|
| 21 | ലോഗ്ബുക്ക് പരിപാലനം | 1-21 |
| 22 | പ്രൊജക്ട.നം.222/18-19 പകൽ വീട് നിർമ്മാണം---റിട്ടൻഷൻ കുറവ് ഈടാക്കി | 1-22 |
| 23 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി അവലോകനം | 1-23 |
| 24 | അങ്കണവാടികളുടെ പ്രവർത്തനം | 1-24 |
| 25 | പൊതുടാപ്പ് വെള്ളക്കരം | 1-25 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | |
| | ഭാഗം 4 | |
| 26 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 28 | സാമ്പത്തിക വിശകലനം | 4-3 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സ്ഥിരനിക്ഷേപം | 4-8 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം (റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം &എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് ) | അനുബന്ധം 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22/03/2018 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | 227439915 |
| | ചെലവ് | 216963980 |
| | നീക്കിയിരിപ്പ് | 10475935 |

റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22/02/2019 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | 181138530 |
| | ചെലവ് | 171593700 |
| | നീക്കിയിരിപ്പ് | 9544830 |

# 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 16.05.2019 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3714763 |
| വരവ് | 64426040 |
| ആകെ | 68140803 |
| ചെലവ് | 63288640 |
| നീക്കിയിരിപ്പ് | 4852163 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15626000 | 15626000 | 14285132 | 1340868 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9844000 | 9844000 | 6082519 | 3761481 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 76000 | 76000 | 0 | 76000 |
| സംരക്ഷണ ഗ്രാന്റ് | 0 | 8338000 | 8338000 | 8334875 | 3125 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3218000 | 3218000 | 1218485 | 1999515 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9164993 | 9164993 | 6149718 | 3015275 |

# 1-5 പദ്ധതി അവലോകനം

2018-19 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 195 | 80734221 | 118 | 44146844 | 64 | 13 | 60.31 |

# 1-6 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2101 | 395991 | 398092 | 394397 | 3695 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20556085 | 20556085 | 20556085 | 0 |
| മൂലധനച്ചെലവുകൾ | 0 | 1781036 | 1781036 | 1781036 | 0 |
| ആകെ | 2101 | 22733112 | 22735213 | 22731518 | 3695 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26,880 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 33,86,500 | 242 |
| വിധവാപെൻഷൻ | 1,81,07,300 | 1406 |
| വാർദ്ധക്യകാലപെൻഷൻ | 1,96,78,700 | 1499 |
| വികലാംഗപെൻഷൻ | 39,51,700 | 298 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 20,29,600 | 165 |
| വിധവകളുടെ | 1,20,000 | 4 |

| | | |
|---|---|---|
| പെൺമക്കൾക്കുള്ള ധനസഹായം | | |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020 തിയ്യതിയിൽ 3 pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,343/- രൂപ (മൂവായിരത്തി മുന്നൂറ്റി നാൽപത്തിമൂന്ന രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം എല്ലാ ജീവനക്കാർക്കും ജോലിവിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു. കാഷ്ബുക്ക് , ഇൻകുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിങ്ങനെ പ്രധാന റജിസ്റ്ററുകളെല്ലാം എഴുതി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടുണ്ടെങ്കിലും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്ന് ഗ്രാമ പഞ്ചായത്ത് അധികാരികൾ അറിയിച്ചു. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ അധിക തുക അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/02/2019 | നവംബർ 2018-ജനവരി 2019 | 20/08/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/09/2016 മുതൽ 04/10/2016 വരെ | 2011-12 to 2015-16 | 03.11.16 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2)വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള

വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1794276 | 1767033 | 50507 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1794276 | 1766593 | 50507 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43 | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

സാംഖ്യയിലേയും സഞ്ചയയിലേയും വസ്തു നികുതി കളക്ഷനുകൾ പൊരുത്തപ്പെടുന്നില്ല. ഡിമാന്റിനേക്കാൾ 22824 രൂപ കളക്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 22750 രൂപ മാത്രമാണ് മുൻകൂർ രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷ വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ മുൻകൂർ വരവുകളില്ല. എന്നാൽ സഞ്ചയ, അഡ്വാൻസ് കളക്ഷൻ ലഡ്ജർ എന്നിവ പ്രകാരം 50507 രൂപ ഈ ഇനത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 909852 | 905345 | 7001 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 909852 | 905345 | 7001 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2493 രൂപ സഞ്ചയ പ്രകാരം അധികം കളക്റ്റ് ചെയ്തത് 2018-19 വാർഷിക കണക്ക് RP-36 ഷെഡ്യൂളിൽ വരവ് വെച്ചിട്ടില്ല. എന്നാൽ ആയതിൽ 2350 രൂപ മാത്രം B-9 ഷെഡ്യൂളിലേക്ക് ക്രമീകരിച്ചിട്ടുണ്ട്. മുൻവർഷ വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ മുൻകൂർ വരവുകളില്ല. എന്നാൽ സഞ്ചയ, അഡ്വാൻസ് കളക്ഷൻ ലഡ്ജർ എന്നിവ പ്രകാരം 7001 രൂപ ഈ ഇനത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 219 | 1 | 218 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 1 | 0 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സാംഖ്യയും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13646 | 13646 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13309 | 13646 | 0 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (10092+3882/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | *ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | |
|---|---|---|---|
| | | | ബി-15) |

സഞ്ചയ സാംഖ്യ എന്നിവയിലെ ഡിമാന്റുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 92949 | 13 | 92962 | 90963 | 0 | 90693 | 2915 | | 0 | 13 | 13 |
| | നോൺ-റെസിഡൻഷ്യൽ | 46142 | 683 | 46825 | 45738 | 683 | 46421 | 418 | | 0 | 0 | |
| | ആകെ | | | 139787 | | | 137114 | 3333 | - | 13 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 135862 | | | 137492 | | | - | 139787 | 0 | | |
| | | 2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 22750 | 186212 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 2350 | 33853 |

2.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 137492രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 137114രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 139787 രൂപയാണ്.(പട്ടിക 2.3 കാണുക )

3) VPFA-III-7 എന്ന അക്കൗണ്ടിൽ വാർഷിക കണക്കുകൾ പ്രകാരം 8572 രൂപ നീക്കിയിരുപ്പുണ്ട് .ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ട്രഷറി പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

4) വാർഷിക കണക്ക് B-5 ഷെഡ്യൂൾ പ്രകാരം 'Secured Loan from Co-Operative Bank എന്ന ശീർഷകത്തിൽ 11302900 രൂപ ബാലൻസുണ്ട്. എന്നാൽ ലോൺ പാസ് ബുക്ക് പ്രകാരം 31/03/2019 ന് 11284824 രൂപ മാത്രമാണ് ബാലൻസുള്ളത്. പാസ്ബുക്കും ലോൺ രജിസ്റ്ററും തമ്മിൽ 18076 രൂപയുടെ വ്യത്യാസമുണ്ട് .അധികം ഈടാക്കിയ പലിശ തുക 18076 രൂപ മുതലിലേക്ക് വരവു വെച്ചതിനാലാണ് ഈ വ്യത്യാസം വന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. അനുബന്ധ രേഖകൾ പരിശോധിച്ച് സാംഖ്യ പ്രകാരമുള്ള ബാലൻസ് കൃത്യമാക്കേണ്ടതാണ്.

5) വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരമുള്ള ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിന്റെ നീക്കിയിരുപ്പ് ബാങ്ക് ബുക്ക് / പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.ഐസിഡിഎസ് - അനുപൂരക പോഷകാഹാരം പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതം 161417 രൂപ കൂടിജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ഉൾപ്പെട്ടതിനാലാണ് ഈ വ്യത്യാസം വന്നതെന്ന് മറുപടിയിൽ പറയുന്നു. തുടർന്ന് പരിശോധനയിൽ ഐസിഡിഎസ് - അനുപൂരക പോഷകാഹാരം പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതം വിവിധ അക്കൗണ്ടുകളിലായി നിക്ഷേപിച്ചിരിക്കുന്നതായി ശ്രദ്ധിക്കപ്പെട്ടു.18/12/18 ന് ലഭിച്ച തുക 945850 രൂപ (കടവല്ലൂർ ഗ്രാമ പഞ്ചായത്തിനുള്ള616300 രൂപ ഉൾപ്പെടെ) ട്രഷറിയിലുള്ള ജോയിന്റ് വെഞ്ച്വർ എസ് റ്റി എസ് ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് .തുടർന്നു ലഭിച്ച 231369 രൂപ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.ആയത് തനതുഫണ്ടിനോടൊപ്പം സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

6. B-4 ഷെഡ്യൂൾ പ്രകാരം Contribution for Other Specific Purpose(for Revenue)from Block Panchayath എന്ന ശീർഷകത്തിൽ നീക്കിയിരുപ്പുള്ള തുക 130000 രൂപ 2015-16 വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി നൽകിയ തുകയാണ്.ആയത് തിരിച്ചടവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

7)ഡിപ്രീസിയേഷൻ -വർക്ക് ഷീറ്റ് പ്രകാരം സാമ്പത്തിക വർഷം രണ്ടാം പകുതിയിൽ ആർജിച്ച ആസ്തികളുടെ തേയ്മാന കുറവ് മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 19.07.2019ന് 41900045 നമ്പർ ജേണൽ എൻട്രി പ്രകാരം ആദ്യ പകുതിയിൽ ആർജിച്ച ആസ്തികളുടെ തേയ്മാന കുറവ് മുൻകാല ചെലവ് ആയി Prior Period ഹെഡ്ഡായ 280800701 ലേക്ക് ഡെബിറ്റ് ചെയ്ത് ക്രമ വത്കരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂൾ പ്രകാരം പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല

ആസ്തി രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്

9.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1137400രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4089327രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രസീത് ബുക്കുകൾ ലഭിച്ച ഉടനെ എണ്ണുകയും നമ്പർ ചേർക്കുകയും സ്റ്റോക്ക് പുസ്തകത്തിൽ എഴുതി ചേർക്കുകയും ചെയ്യേണ്ടതാണ്. ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഓരോ സ്റ്റോക്ക് ബുക്കിലും രേഖപ്പെടുത്തി സെക്രട്ടറിയോ അക്കൗണ്ടന്റോ ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പ് വക്കേണ്ടതാണ്.എന്നാൽ മേൽ നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ല.

2018-19 വർഷത്തെ മാനവൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. രസീത് പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- ബുക്ക് നം. – 29431, 6298, 29423, 29432, 29439, 6300, 29424, 29438, 29428

2. രസീത് കാൻസൽ ചെയ്തതിന് കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഉദാ:- ബുക്ക് നം. – 29431/23, 29431/80 , 6294/5 9,29429/55, 6300/68, 29424/87

3. ഉപയോഗിക്കാത്ത രസീതുകൾ കാൻസൽ ചെയ്തു സൂക്ഷിച്ചിട്ടില്ല.

ഉദാ:- ബുക്ക് നം.-29437/99,100, 6294/68-100, 29428/71-100

4. വെറ്റിനറി സർജ്ജന് അനുവദിച്ച 29425,29430,29433,29435 എന്നീ രസീത് പുസ്തകങ്ങളിലെ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല കളക്ഷൻ രജിസ്റ്ററിൽ രശീതി വരവ് രേഖപ്പെടുത്തുന്നത് രസീതിന്റെ ക്രമപ്രകാരമല്ല മറിച്ച് പ്രൊജക്റ്റുകളുടെ അടിസ്ഥാനത്തിലാണ്.

5. 29433/53 (തീയതി രേഖപ്പെടുത്തിയിട്ടില്ല) എന്ന രസീത് പ്രകാരം സുഹറ,വന്നേരി വളപ്പിൽ, കോട്ടോൽ എന്നവരിൽ നിന്നും പിരിച്ചെടുത്ത 500/- രൂപ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/27.02.2020) ക്രമനം.1,2,3 എന്നീ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. വെറ്റിനറി സർജ്ജൻ നിലവിൽ കളക്ഷൻ രജിസ്റ്ററിൽ രശീതി വരവ് രേഖപ്പെടുത്തുന്നത് രസീതിന്റെ ക്രമപ്രകാരമാണെന്ന് അറിയിച്ചു. സുഹറ, വന്നേരി വളപ്പിൽ, കോട്ടോൽ എന്നവരിൽ നിന്നും പിരിച്ചെടുത്ത 500 രൂപ വെറ്റിനറി സർജ്ജൻ 22/03/2019 ന് 05/29435 നമ്പ്ര രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(എ) കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ബാദ്ധ്യത ഉണ്ടെങ്കിൽ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അടവാക്കാത്ത സാഹചര്യത്തിൽ നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

<u>(ബി) ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകൾ</u>

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (04/27.02.2020)
മറുപടിയായി തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക പഞ്ചായത്തിൽ അടവാക്കിയതായി അറിയിച്ചു.

| ക്രമ | സ്ഥാപനത്തിന്റെ | ബാധകമായ | ജീവനക്കാരിയുടെ പേരും | അർദ്ധവാർഷിക | ഈടാക്കേണ്ട | ഈടാക്കിയ | കുറവ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| നം. | പേര് | അർദ്ധവർഷം | തസ്തികയും | വരുമാനം | തൊഴിൽ നികുതി | തൊഴിൽ നികുതി | | ഈടാക്കിയ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | സാമൂഹിക ആരോഗ്യ കേന്ദ്രം, പഴഞ്ഞി | രണ്ടാം അർദ്ധവർഷം | ഗിരിജബായ്.ടി.കെ., ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 119850 | 1000 | 750 | 250 | 500/- (രസീറ്റ് നമ്പർ 119150107028/28.02.2020) |
| 2 | | | മിനി.പി.കെ., ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 119850 | 1000 | 750 | 250 | |
| 3 | പൂരം നിധി ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | മോനിഷ.പി.എം.,ബ്രാഞ്ച് മാനേജർ | 102000 (17000*6) | 1000 | 750 | 250 | 500/- (രസീറ്റ് നമ്പർ 119150107039/29.02.2020) |
| 4 | | രണ്ടാം അർദ്ധവർഷം | | 102000(17000*6) | 1000 | 750 | 250 | |

# 1-14 റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി

ശ്രീ.ദിനേശൻ S/o സുബ്രഹ്മണ്യൻ, പൊന്നരാശ്ശേരി വീട് എന്നയാളുടെ 70.22 ച.മീ.തറവിസ്തീർണ്ണമുള്ള 2/190 എ എന്ന കെട്ടിടത്തിന്റെ റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടത് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 547/- രൂപയാണ് ((70.22 * 2.5 * 3 )+ 20). എന്നാൽ സെക്രട്ടറി നൽകിയ ബിൽഡിംഗ് പെർമിറ്റ് (റഗുലറൈസേഷൻ) പ്രകാരം ഈ കെട്ടിടത്തിന്റെ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ ഈടാക്കിയിരിക്കുന്നത് 352/- രൂപയാണ് (റസീറ്റ് നം.118020105383 തീയതി.08/12/18).

എന്നാൽ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും റഗുലറൈസേഷൻ പ്രകാരവും കെട്ടിടം റസിഡൻഷ്യൽ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. എന്നാൽ സഞ്ചയ യിൽ നിന്നുള്ള നികുതി നിർണ്ണയ പത്രിക പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം വ്യവസായിക ആവശ്യത്തിനുള്ള ഷെഡ് ആണ്. ആയത് പ്രകാരം റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടത് ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിലാണ്. 70.22*7*3=1475/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/03.03.2020) ന് മറുപടിയായി അപേക്ഷകനിൽ നിന്നും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 118020105383 തീയതി 06/12/18 പ്രകാരം 527/- രൂപ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി വരുന്ന 456/- രൂപ (70.22*7*2=983-527) ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിയമാനുസൃത ഫീസ് ഈടാക്കി റസീറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് നിയമാനുസൃത റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയില്ല

(ഫയൽ നം.എ4-5991/18)

1. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കാട്ടകാമ്പാൽ മുതൽ ജറുസലെം വരെ 1500 മീറ്റർ ദൂരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് ബി.എസ്.എൻ.എൽ. ഡിവിഷണൽ ഇൻസ്റ്റലേഷൻ എഞ്ചിനീയർ അനുമതിക്കായി അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് HDD രീതിയിൽ OFC സ്ഥാപിക്കുന്നതിന് Restoration Charge ആയി 2474/- രൂപ ഈടാക്കി അനുമതി നൽകുന്നതിന് കാട്ടകാമ്പാൽ പഞ്ചായത്ത് ഭരണസമിതിയുടെ 22/12/18 ലെ 7(1) നമ്പർ തീരുമാന പ്രകാരം തീരുമാനിക്കുകയും ചെയ്തു. 2474/- രൂപ 118020107433/07.02.2019 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

Restoration Charge ആയ 2474/- രൂപ കണക്കാക്കിയിരിക്കുന്നത് കാട്ടകാമ്പാൽ മുതൽ ജറുസലെം വരെയുള്ള 1500 മീറ്ററിൽ 100 മീറ്റർ ഇടവിട്ട് 15 പിറ്റുകൾ കുഴിക്കുന്നതിനായി മാത്രമാണ്. എന്നാൽ 1500 മീറ്റർ OFC സ്ഥാപിക്കുന്ന കാര്യത്തിൽ OFC സ്ഥാപിക്കുന്ന length മേലാണ് Restoration Charge ഈടാക്കേണ്ടിയിരുന്നത്. Restoration Charge ഇനത്തിൽ 1,48,442/- രൂപ (1500 * 0.30 = 450 ച.മീ., 450 ച.മീ.@ 329.87/ച.മീ.) ഈടാക്കേണ്ടതാണെന്ന് ഇതുമായി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ള അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റിൽ

നിർദ്ദേശിച്ചിട്ടുള്ളതും പരിശോധനയിൽ കണ്ടു. നിയമാനുസൃത റിസ്റ്റോറേഷൻ ചാർജ്ജും ആയതിന് ആനുപാതികമായി ജി.എസ്.ടി.യും ഈടാക്കാതെ റോഡ് കട്ടിംഗിന് അനുമതി നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുവാൻ ഇടയായിട്ടുണ്ട്..

2. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ അരുവായ്-കോട്ടോൽ റോഡ് എന്ന സ്ഥലത്ത് OFC സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം 01/03/19 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി സ്ഥലത്ത് OFC സ്ഥാപിക്കുന്നതിന് Restoration Charge ഇനത്തിൽ 7,06,664/- രൂപ ഈടാക്കേണ്ടതാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ ടി തുക അടവാക്കിയതായി കാണുന്നില്ല.

ഒ.എഫ്.സി സ്ഥാപിക്കുന്നതിന് നിയമാനുസൃത റിസ്റ്റോറേഷൻ ചാർജ്ജ് ബി.എസ്.എൻ.എല്ലിൽ നിന്നും ഈടാക്കാത്തത് സംബന്ധിച്ചും OFC സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോമിൽ നിന്നും റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടുണ്ടോ എന്നും ടി പ്രവൃത്തി ആരംഭിച്ചതിന്റെയും പൂർത്തിയായതിന്റെയും വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടും ഓഡിറ്റ് അന്വേഷണം (നം.18/03.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകത സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-16 പ്രൊജക്റ്റില്ലാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പദ്ധതിയുടെ പേര്- S0255/19 -പാലാട്ടുമുറി കുടിവെള്ള പദ്ധതി

അടങ്കൽ- 600000 രൂപ (വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 600000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പദ്ധതിക്കായി ജില്ലാ ഓഫീസർ,ഭൂജല വകുപ്പ് തയ്യാറാക്കി നൽകിയ 600000 രൂപയുടെ എസ്റ്റിമേറ്റിനനുസൃതമായി ട്രഷറി ബിൽ നം 60/21.03.2019 പ്രകാരം 600000 രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. 23.08.2019ന് ഭൂജല വകുപ്പ് നം .DGT /4198(B)/2017 തീ16.02.19 കത്ത് പ്രകാരം 800000 രൂപക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും അഡീഷണൽ ഫണ്ടായി 248738 രൂപ ആവശ്യപ്പെടുകയും ചെയ്തു .600000 രൂപ ആദ്യമേ കൈമാറിയിട്ടുള്ളതിനാൽ ബാക്കി ആവശ്യമായ200000 രൂപക്കു പകരം അധികം തുക ആവശ്യപ്പെട്ടതെന്തു കൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്

6/9/2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം1(9) പ്രകാരം മേൽ പദ്ധതി ഉൾപ്പെടെ 3 കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ അധിക തുക ആകെ 811548 രൂപയിൽ (അധികം വേണ്ട തുക – 1) പാലാട്ടുമുറി-248738, 2) അരുവായി -217810 3) പെങ്ങാമുക്ക് ,നട്ടുമുറി -345000 രൂപ ,)- ജല ലഭ്യത ഇല്ലാത്തതിനാൽ ഉപേക്ഷിക്കുന്ന വെളിയത്ത് റോഡ്,കിഴക്കുമുറി എന്നീ പദ്ധതികളിൽ ബാക്കിയുള്ള 763310 രൂപ കിഴിച്ച് ബാക്കി തുകയായ 48538 രൂപ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ്ചെയ്യുന്നതിന് തീരുമാനിച്ചു . ഇത് ഒരു ശരിയായ നടപടിക്രമം അല്ല. വിവിധ പദ്ധതികളുടെ ഭാഗമായി ബാക്കിയുള്ള നിക്ഷേപ തുകകൾ ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കുകയും ,മറ്റ് പ്രവർത്തികൾക്കാവശ്യമായ മുഴുവൻ തുകക്കുമായി പദ്ധതി തയ്യാറാക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത് .

19.12.19 ലെ DGT /392/19 കത്ത് പ്രകാരം പലാട്ടുമുറി കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതായും ഫൈനൽ ബിൽ 794617 രൂപയാണെന്നും ഭൂജല വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട് . കൂടാതെ ബാലൻസ് തുക മറ്റ് ഡെപ്പോസിറ്റുകളിൽ നിന്നും അഡ്ജസ്റ്റ് ചെയ്തതായും പറയുന്നു.മേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മറ്റ് നിക്ഷേപ തുകകളിൽ ബാക്കിയുള്ള തുക ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപയോഗിച്ചു എന്ന് ഇതിൽ നിന്നും വ്യക്തമാണ് . എന്നാൽ 2019-20ൽ പൂർത്തീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക്(12/02.03.2020) മറുപടി നൽകിയിട്ടുണ്ട്.പദ്ധതി തയ്യാറാക്കാതെ പ്ലാൻ വിഹിതം അഡ്ജസ്റ്റ് ചെയ്തത് ശരിയല്ല. 600000/- രൂപയുടെ പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു

ഫൈനൽ ബിൽ പ്രകാരം 794617 മാത്രമാണ് പദ്ധതിക്ക വേണ്ടി ചെലവു വന്നത് .എന്നാൽ 248738 രൂപ അധിക ഫണ്ടായി ഭൂജല വകുപ്പ് ആവശ്യപ്പെട്ടിരുന്നു .ഈ പദ്ധതിക്കായി മറ്റു പദ്ധതികളിൽ നിന്നും എത്ര തുക ഭൂജല വകുപ്പ് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് എന്നു വ്യക്തമല്ല.ആയതിനാൽപദ്ധതി പൂർത്തീകരിച്ചതിനു ശേഷം ഭൂജല വകുപ്പിൽ ബാക്കിയുള്ള തുക തിരികെ ലഭ്യമാക്കി നിർദ്ദിഷ്ട ശീർഷകങ്ങളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ പദ്ധതികൾ ഉപേക്ഷിച്ചതു സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. ആയതിനാൽ മേൽപ്രകാരമുള്ള രണ്ടു പദ്ധതികളുൾപ്പെടെ എത്ര പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടുവെന്നോ , ഭൂജല വകുപ്പ് വശം ചെലവ് കിഴിച്ച് ബാക്കി എത്ര തുകയുണ്ടെന്നോ ,ആയത് യഥാ സമയം തിരിച്ച് അടവാക്കിയിട്ടുണ്ടെന്നോ വ്യക്തമല്ല.ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. / )മറുപടി ലഭ്യമാക്കിയിട്ടില്ല

# 1-17 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ മറ്റു അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| പദ്ധതി | ട്രഷറിബിൽ നം | കൈമാറിയ തുക | തുക കൈപ്പറ്റിയത് | പരിശോധനക്ക് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| S0120/19-പഴഞ്ഞി കുടിവെള്ള പദ്ധതി | 40/30.11.18 | 500000 | ഭൂജല വകുപ്പ് | കൈപ്പറ്റു രസീതി, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം |
| S0124/19-രാമപുരം കുടിവെള്ള പദ്ധതി | 41/30.11.18 | 500000 | „ | „ |
| S0048/19 വിജ്ഞാൻ സാഗർ -ബാല സൗഹൃദ ജില്ല | 12/13.06.18 | 100000 | വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് | |
| S0047/19 സുശാന്തം -വയോജന ക്ഷേമ പ്രവർത്തനം | 11/13.06.18 | 50000 | സുശാന്തം സൊസൈറ്റി ഫോർ കെയർ & കംപാഷൻ | „ |
| S004/19 ഐകെഎം ന് വിഹിതം കൈമാറൽ | 6/19.5.18 | 81995 | ഐകെഎം | „ |
| S0013/19 ആശ്രയ ഭവന പുനരുദ്ധാരണത്തിന് മെമ്പർ സെക്രട്ടറിക്ക് തുക നൽകൽ | 20/19.03.18 | 100000 | മെമ്പർ സെക്രട്ടറി | „ |
| S0248 /19- | 34/26.10.18 | 569400 | - | ചലാൻ, സർക്കാർ |

| | | | | |
|---|---|---|---|---|
| അംഗൻവാടി പ്രവർത്തകർക്ക് അധിക തുക വകയിരുത്തൽ | | | | ഉത്തരവ് |
| S0152/19<br>സ്ട്രീറ്റ് മെയിൻ | 32/26.10.18<br>ജില്ലാ പഞ്ചായത്ത് വിഹിതം | 342194<br>200000 | കെ എസ് ഇ ബി | വിനിയോഗ വിവരം പൂർത്തീകരണ സാക്ഷ്യപത്രം |
| | | 2443589 | | |

രേഖകൾ ഹാജരാക്കുന്നതു വരെ 2443589 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

2)പദ്ധതി നം .S0148/19- കമ്പ്യൂട്ടറുകളുടെ വാർഷിക പരിപാലനം -പദ്ധതിയോടനുബന്ധിച്ച് കരാറുകാരായ ഫോക്കസ് കംപ്യൂട്ടേഴ്സ് 46000 രൂപക്കായിരുന്നു കരാർ സമർപ്പിച്ചത് (11500 വീതം 4 ക്വാർട്ടറുകളിലായി)എന്നാൽ 2018-19ൽ 12675 രൂപ കണക്കാക്കി അവസാന 2 ക്വാർട്ടറുകളിൽ നൽകിയിട്ടുണ്ട്. അധികതുക അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3.പദ്ധതി നം .S0148/19-തെരുവുവിളക്കുകളുടെ റിപ്പയർ- ട്രഷറി ബിൽ നം 71/20.03.19 പ്രകാരം 30000 രൂപ സൈ്റ്റൽ ഏജൻസിക്ക് നൽകിയിട്ടുണ്ട് .നന്നാക്കിയ ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല

4. പദ്ധതി നം .S0008/19-ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- ട്രഷറി ബിൽ നം 37/26.11.18 പ്രകാരം 200000 രൂപ ഹോംകോ-ക്ക് കൈമാറിയിട്ടുണ്ട് . 99560 രൂപയുടെ മരുന്നുകൾ മാത്രമാണ് ഉള്ളത്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

# 1-18 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി പദ്ധതി- അധികം തുക അനുവദിച്ചു

പദ്ധതി നം.S0020/19

അടങ്കൽ -500000 രൂപ

ചെലവ് -500000 രൂപ

ട്രഷറി ബിൽ നം.1/27.09.18-73986

ട്രഷറി ബിൽ നം.2/16.10.18-96384

ട്രഷറി ബിൽ നം.3/27.11.18-66432

ചെക്ക് നം.49456/26.11.18-51135

ട്രഷറി ബിൽ നം.4/29.12.18-13198

ചെക്ക് നം.2367742/28.01.19-198865

നിർവ്വഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്റ്റർ

പദ്ധതിയുടെ ഭാഗമായി 5 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട് .ആയതിൽ2018 ഏപ്രിൽ മുതൽ 2018 ഡിസംബർ വരെ പഴഞ്ഞി കാട്ടകാമ്പാൽ ക്ഷീരോത്പാദകസഹകരണ സംഘങ്ങളിൽ പാൽ അളന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 4 രൂപ കണക്കാക്കി സബ്സിഡി തുക അനുവദിച്ചിട്ടുണ്ട് . സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെയാണ് 4 രൂപ/ലിറ്റർ അനുവദിക്കാവുന്നത് .എന്നാൽ 2018-19 ൽ

ക്ഷീര വികസന വകുപ്പിൽ നിന്നും ആയത് അനുവദിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം | ബിൽ തുക | ക്ഷീരോത്പാദക സഹകരണ സംഘം | കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|
| 2367742/28.01.19 | 198865 | പഴഞ്ഞി | 4/18 മുതൽ 10/18 വരെ | 41781 |
| | | കാട്ടകാമ്പാൽ | „ | 58266 |
| | | „ | 11/18 മുതൽ 12/18 വരെ | 14029.5 |
| | | പഴഞ്ഞി | 4/18 മുതൽ 12/18 വരെ | 4318 |
| | | „ | 11/18 മുതൽ 12/18 വരെ | 6357 |
| ആകെ | | | | 124752 |

ക്ഷീര വികസന വകുപ്പിൽ വകുപ്പിൽ നിന്നും തുക ലഭിക്കാതെ പരമാവധി നിരക്കിൽ തുക അനുവദിച്ചത് ശരിയല്ല.124752 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-19 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് ,ജി എൽ പി എസ് പെങ്ങാമുക്ക് നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>S0028/19-പട്ടികജാതി വിഭാഗത്തിൽപ്പെട്ട് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്</u>

അടങ്കൽ -1205000രൂപ

ചെലവ് -685825 രൂപ

ട്രഷറി ബിൽ നം.7/25.03.19-274330

ട്രഷറി ബിൽ നം.8/25.03.19-411495

പദ്ധതിയോടനുബന്ധിച്ച് 2 തവണ ടെൻഡർ ചെയ്തു .റീ ടെൻഡറിൽ Techno World IT store എന്ന സ്ഥാപനമാണ് കുറഞ്ഞ നിരക്ക്(24490 രൂപ) ക്വോട്ട് ചെയ്തത് . എന്നാൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ട് പ്രകാരം ,ടി സ്ഥാപനം സമർപ്പിച്ച് ലാപ്പ് ടോപ്പ് മോഡൽ ടെൻഡറിൽ പറഞ്ഞ സ്പെസിഫിക്കേഷനുമായി യോജിക്കുന്നില്ല .എന്നാൽ സ്പെസിഫിക്കേഷനിൽ എന്തു മാറ്റമാണുണ്ടായതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ടി സ്ഥാപനത്തിന്റേതിനു പകരം വിശ്വാസ് കംപ്യൂട്ടേഴ്സ് ,കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ഉയർന്ന നിരക്കിലുള്ള(27433 രൂപ ) ടെൻഡർ അംഗീകരിച്ചു. ഈ സ്ഥാപനത്തിന്റെ മോഡൽ പരിശോധിച്ച് ഐ കെ എം ചൊവ്വന്നൂർ ബ്ലോക്ക് ടെക്നിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം വാറൻറി കാലാവധി 09.05.19 വരെയാണ്. ടെൻഡർ പ്രകാരമുള്ള 5 വർഷ വാറന്റി ലഭിച്ചിട്ടില്ലേ എന്ന് വ്യക്തമാക്കേണ്ടതാണ് . വാറന്റി സംബന്ധിച്ച് കരാറിൽ രേഖപ്പെടുത്തലുകളില്ല.

2.S0040/19 പ്രൈമറി വിദ്യാഭ്യാസം - സമഗ്ര പരിപാടി -രണ്ടാം ഘട്ടം

അടങ്കൽ -100000രൂപ

ചെലവ് -74950 രൂപ (ട്രഷറി ബിൽ നം.2/11.03.19)

പദ്ധതിയുടെ ഭാഗമായി ഇഎംഎൽപി സ്കൂൾ കാട്ടകാമ്പാൽ , എ.എസ് പെരുന്തുരുത്തി, എംടിഎസ് പഴഞ്ഞി ,എംജിഎസ് കാഞ്ഞിരമുക്ക് .എംബിഎൽപിഎസ് പഴഞ്ഞി എന്നിങ്ങനെ 5 എയിഡഡ് വിദ്യാലയങ്ങളിലേക്ക് 74950രൂപ ചെലവു ചെയ്ത് ടെലിവിഷൻ വാങ്ങി നൽകി.പദ്ധതി മാർഗ്ഗരേഖ പ്രകാരം എയിഡഡ് സ്കൂളുകളിലേക്ക് കുടിവെള്ളം ശുചിത്വം (സർക്കാർ സ്കൂളുകൾക്ക് ശേഷം മാത്രം) എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ മാത്രമാണ്നടപ്പിലാക്കാവുന്നത്. മാർഗ്ഗ രേഖക്ക് വിരുദ്ധമായി ഇപ്രകാരം തുക ചെലവഴിച്ചതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ് .ചെലവു തുക (74950 രൂപ) തടസ്സപ്പെടുത്തുന്നു.

# 1-20 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ

1) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2018-19ൽ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല .

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പദ്ധതി | 2018-19ൽ കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | പ്രസീത | S0039/19- ലൈഫ് മിഷൻ ഭവന നിർമ്മാണം | 300000 |
| 2. | കൊച്ചുമോൾ | ,, | 200000 |
| 3. | റുഖിയ അഷ്റഫ് | ,, | 200000 |
| 4. | ശ്രീന .ടി.എസ് | ,, | 200000 |
| 4. | രമണി | S0042/19- ലൈഫ് മിഷൻ | 40000 |

| | | | |
|---|---|---|---|
| | | ഭവന നിർമ്മാണംഎസ് സി | |

2.S0208/19- കിച്ചൺ ബിൻ ,S0209/19 -ഗാർഹിക ബയോഗാസ് പ്ലാന്റ് എന്നീ പദ്ധതികളുടെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം ഈടാക്കിയത് (യഥാക്രമം 3895 രൂപ ,16500 രൂപ ) ആയവ വിതരണം ചെയ്ത IRTC Project implementation Unit-ന്റെ നാളിതുവരെ കൈമാറിയിട്ടില്ല.

# 1-21 ലോഗ്ബുക്ക് പരിപാലനം

KL -48 D .2208. Bolero Jeep

ഗ്രാമ പഞ്ചായത്തിന്റെ ലോഗ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ യാത്രാ വിവരം സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനം ഉപയോഗിക്കുമ്പോൾ ഇന്ധനം നിറച്ചതിന്റേയും ഇന്ധന ഉപഭോഗത്തിന്റെ കണക്കും കൃത്യമായും ലോഗ് ബുക്കിൽ ചേർക്കേണ്ടതാണ്.എല്ലാ മാസവസാന ദിവസം തൻമാസം ഉപയോഗിച്ച ഇന്ധന ഉപഭോഗത്തിന്റെ മാസാന്ത്യ സംക്ഷിപ്തം നിർബന്ധമായും എഴുതേണ്ടതും കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ജി.ഒ.(എം.എസ്.)170/07 ത.സ്വ.ഭ.വ. തി.30.6. 2007.നടപടിക്രമം പാലിച്ചുകൊണ്ട് വാഹനം ഉപയോഗിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-22 പ്രൊജ.നം.222/18-19 പകൽ വീട് നിർമ്മാണം-റിട്ടൻഷൻ കുറവ് ഈടാക്കി

അടങ്കൽ / പി.എ.സി തുക ₹ 8,92105-

ഫസ്റ്റ് & പാർട്ട് ബിൽ തുക ₹ 6,75,906-

ബിൽ നംപർ 19 തിയ്യതി28-11-18 ₹ 4,99,100-

ബിൽ നംപർ 20 തിയ്യതി 28-11-18 ₹ 1,76,806-

കരാർ നമ്പർ 42/AE/LSGD/KTKPL/17-18 തി.7-3-18

കരാറുകാരൻ ബിനേഷ് എ.ബി.

അളവു പുസ്തകം നമ്പർ 80/15-16 ,43/19

ഓഡിറ്റ് എൻക്വയറി നമ്പർ 5 തിയ്യതി 27-2-2018

ഓഡിറ്റ് കാലയളവിൽ മേൽപ്രകാരം പ്രവൃത്തിക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട് സ.ഉ. (പി) 429/2015 ഫിൻ തി.28-9-2015 പ്രകാരം പാർട്ട് ബിൽ തുകയുടെ 2.5% ആയി ₹ 16898- റിട്ടൻഷൻ ഈടാക്കേണ്ടതുണ്ടായിരുന്നെങ്കിലും ₹ 13600- മാത്രമാണ് ഈടാക്കിയത് . റിട്ടൻഷൻ തുക കുറവു വന്നത് വിശദീകരിക്കേണ്ടതും പെർഫോമൻസ് സെക്യൂരിറ്റി എന്ന നിലയിൽ ഈടാക്കി വരുന്ന റിട്ടൻഷൻ തുക ഈടാക്കുന്ന കാര്യത്തിൽ അവധാനത പുലർത്തേണ്ടതുമാണ്.

# 1-23 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി അവലോകനം

2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ - 3920

2. തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം - 720

3. ആകെ മനുഷ്യ ദിനം 56833 ( സ്ത്രീ - 55119 , പുരുഷൻ - 1714 )

4. നൂറ് ദിവസം തികച്ച കുടുംബങ്ങളുടെ എണ്ണം - 299

5. ഭരണാനുമതി ലഭിച്ച പ്രൊജക്റ്റുകളുടെ അടങ്കൽ - 11,66,22,180-

6. 2018-19 വർഷത്തെ മുൻബാക്കി - 2101-

7. 2018-19 വർഷത്തെ ആകെ വരവ് - 2,27,33,712-

8. 2018-19 വർഷത്തെ ആകെ ചെലവ് - 2,27,32,118-

9. 2018-19 വർഷത്തെ വർഷാന്ത്യ നീക്കിയിരുപ്പ് - 3695-

10. 2018-19 വർഷം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം - 185

11. 2018-19 വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം - 135

12. 2018-19 വർഷം തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിവരം - ഇല്ല

13. 2018-19 വർഷം വിതരണം തൊഴിൽ വേതനം വിതരണം ചെയ്തതിന്റെ വിവരം - 1,57,40,649-

14. 2018-19 വർഷം പൂർത്തിയാക്കിയ സ്ഥിര ആസ്തികളുടെ വിവരം - 95 എണ്ണം

15. 1,2 ഘട്ടങ്ങളിലെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

# 1-24 അംഗൻവാടികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള 26 അംഗൻവാടികളിൽ 18 എണ്ണത്തിനാണ് സ്വന്തമായി കെട്ടിടമുള്ളത്. അംഗൻവാടി നമ്പർ 8 എണ്ണം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 9 അംഗൻവാടികൾക്ക് ചുറ്റുമതിൽ, 17 അംഗൻവാടിക്ക് കുടിവെള്ള കണക്ഷനുണ്ട്. ബേബി ഫ്രണ്ടലിയായ അംഗനവാടികളില്ല. 31.03.2019 തിയ്യതിയിൽ അംഗനവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്ര വിഹിതമായി അനുവദിച്ച തുകയിൽ 594330 രൂപ ഗ്രാമ പഞ്ചായത്ത് കൈവശം നീക്കിയിരിപ്പുണ്ട്.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും പരിമിതമായ സൗകര്യങ്ങൾ ഉള്ള അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 പൊതുടാപ്പ് വെള്ളക്കരം

പഞ്ചായത്തിൽ സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 133000/- രൂപ അടവാക്കി വരുന്നു. വെള്ളക്കര ഇനത്തിൽ ഒരു വർഷം 1596000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്.304 സ്ട്രീറ്റ് ടാപ്പുകളുടെ

തുക വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നു.സർക്കാർ ഉത്തരവ് (സാധാ) നം.1275/2009/ തസ്വഭവ.തി.30.5.2009 പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമെ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച വിവരങ്ങളറിയാൻ നല്കിയ ഓഡിറ്റ് എൻക്വയറിയിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | പെയിൻ & പാലിയേറ്റീവ് | 150000 | 0 |
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |
| | | 840000 | ലൈഫ് മിഷൻ ഭവന പദ്ധതി | 755313 | 84687 |
| | | 250000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 500000 | രാമപുരം റോഡ് റീടാറിംഗ് | 0 | 500000 |
| | | 275000 | പൂരക പോഷകാഹാര പരിപാടി | 275000 | 0 |
| | | 250000 | ഉഴവു കൂലി | 250000 | 0 |
| ആകെ | | 2515000 | | 1930313 | 584687 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | സ്ട്രീറ്റ് മെയിൻ | 200000 | 0 |
| | | 76556 | വികലാംഗർക്ക് ഉപകരണങ്ങൾ | 0 | 76556 |
| | 2018-19 | 505812 | ലൈഫ് ഭവന പദ്ധതി | 480000 | 25812 |
| | | 296250 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 296250 | 0 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 0 | 200000 |
| | | 300000 | താഴത്തങ്ങാടി-പെങ്ങാമുക്ക് ശവക്കോട്ട റോഡ് ടാറിംഗ് | 0 | 300000 |
| | | 250000 | വികലാംഗർക്ക് മുച്ചക്ര വാഹനം | 66000 | 184000 |
| ആകെ | | 1828618 | | 1042250 | 786368 |

# 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018- | 22.07.19 മുതൽ 23.07.19 | കെ.എസ്.എ-ടി.എസ്.ആർ. |

| | | |
|---|---|---|
| 19 | വരെ | എസ്1-1120/19(35) തീയതി 30.08.19 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| GWD | പഴഞ്ഞി കുടിവെള്ള പദ്ധതി(പ്രൊജക്ട് നം.120/18-19) | 500000 | 0 | 500000 |
| GWD | രാമപുരം കുടിവെള്ളപദ്ധതി (പ്രൊജക്ട്നം.124/18-19) | 500000 | 0 | 500000 |
| KSEB | സ്ട്രീറ്റ് മെയിൻ (പ്രൊജക്ട് നമ്പർ-152/18-19) | 200000 | 0 | 200000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് ഭവന പദ്ധതി | 175/ ഡി.ബി.-1/15/ തസ്വഭവ. തീയതി 19/08/2015 | 1,92,00,000 | 1,33,02,900 | 20,00,000 | 11302900 |
| ലൈഫ് ഭവന പദ്ധതി | | 22,14,687 | 0 | 0 | 22,14,687 |

| (ഹഡ്കോ) | | | | | |
|---|---|---|---|---|---|

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം./തീയതി |
|---|---|---|---|---|
| | എൻക്വയറി നം.29/16-10-18 | 654 | മാത്തൻ, ചീരൻ വീട് | 9942810054/05.12.2018 |

# 4-7 സ്ഥിരനിക്ഷേപം

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-2 | 2017-18 | 3-2 | തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | തെരുവ് വിളക്കുകൾ ഭൂരിഭാഗവും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റി. തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചു. എന്നാൽ കേരള വാട്ടർ അതോറിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

# 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,44,26,040 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,32,88,640 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,43,111 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 6,00,000 | സെക്രട്ടറി |
| 1-16 | 21,11,594 | ശ്രീമതി.പി.ശ്രീകുമാരി, സെക്രട്ടറി |
| | 2,31,995 | ശ്രീ.സാബു.പി.വി.സെക്രട്ടറി |
| | 1,00,000 | ബൈജു.എ.ജെ. സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-17 | 1,24,572 | ശ്രീമതി.ജിഷ.കെ.ജി.,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-18(2) | 74,950 | ശ്രീമതി.ഷീല.സി.സി.ഹെഡ് മിസ്ട്രസ് |
| ആകെ | 32,43,111 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി.പി.ശ്രീകുമാരി, സെക്രട്ടറി | ശ്രുതി ഹൗസ്, പണിക്കേഴ്സ് ലൈൻ, പുതൂർക്കര, അയ്യന്തോൾ |
| ശ്രീ.സാബു.പി.വി., സെക്രട്ടറി | പുലിക്കോട്ടിൽ വീട്, പെരിങ്ങോട്ടുകര പി.ഒ |
| ശ്രീ. ബൈജു.എ.ജെ. സെക്രട്ടറി-ഇൻ-ചാർജ്ജ് | അക്കര വീട്, തോട്ടത്തിൽ ലൈൻ, തൃശ്ശൂർ-5 |
| ശ്രീമതി.ജിഷ.കെ.ജി.ഡയറി ഫാം ഇൻസ്ട്രക്ടർ | ഗായത്രി നിവാസ്, ചിറ്റാട്ടുകര പി.ഒ |
| ശ്രീമതി.ഷീല.സി.സി. ഹെഡ് മിസ്ട്രസ് | പുലിക്കോട്ടിൽ വീട്, കാഞ്ഞിരമുക്ക് പി.ഒ, തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02(പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 –1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 9) |

| | |
|---|---|
| | -2051/16,7.12.16/17.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1314/2017തീയതി 18.09.17/12.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി 6) -1674/2018തീയതി 10.01.19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ

നിബന്ധനകൾ പ്രകാരവും കാട്ടകാമ്പൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ശരിയായ ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം (AuditedAbstract) | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ